"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി. നിസ്സി ജോൺ സി.വൈ. ഫയൽ ചെയ്ത ഒ.എ. 2412/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 02.12.2019 – ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.41/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/01/2021

പരാമർശം:- 1 ശ്രീമതി നിസ്സി ജോൺ സി.വൈ. സർക്കാരിൽ സമർപ്പിച്ച 27.11.2019 - ലെ അപേക്ഷ. (Annexure A4)

2 ഒ.എ. 2412/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 02.12.2019 – ലെ വിധിന്യായം

3 പഞ്ചായത്ത് ഡയറക്ടറുടെ 06.02.2020-ലെ PAN/2859/2020-E1(DP) നമ്പർ കത്ത് .

**ഉത്തരവ്**

ഭാഷ ന്യൂനപക്ഷ ജില്ലയായ ഇടുക്കിയിൽ പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ധാരാളം ഒഴിവുള്ളതിനാൽ Linguistic Minority (Tamil) ടെസ്റ്റ് പാസായ തനിക്ക് നിയമനം ആവശ്യപ്പെട്ട് ശ്രീമതി നിസ്സി ജോൺ സി.വൈ. സമർപ്പിച്ച അപേക്ഷയിൽ പഞ്ചായത്ത് ഡയറക്ടർ തീർപ്പ് കല്പിച്ചിട്ടില്ലെന്നും തനിക്ക് ഇടുക്കി ജില്ലയിൽ സെക്രട്ടറി തസ്തികയിൽ നിയമനം നൽകണമെന്നും അപേക്ഷിച്ച് ടിയാരി ഫയൽ ചെയ്ത ഒ.എ. 2412/2019 ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായി

".........the first respondent to pass appropriate Orders on Annexure – A4 representation after affording an opportunity of being heard to the applicant, within a period of six weeks from the date of receipt of a certified copy of this order."

2. ശ്രീമതി നിസ്സി ജോൺ സി.വൈ. പരാമർശം (1) പ്രകാരം സമർപ്പിച്ച നിവേദനമാണ് അനക്ഷർ എ 4 പ്രസ്തുത നിവേദനത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

"2016 - ൽ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ടായി പ്രൊമോഷൻ ലഭിക്കുകയുണ്ടായി. താൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ ഭാഷാ ന്യൂന പക്ഷ പരീക്ഷ (തമിഴ്) എഴുതി തമിഴ് ഭാഷാ പരിജ്ഞാന പരീക്ഷ ജൂലൈ 2014 - ൽ പാസ്സായിട്ടുള്ളതാണ്.

തമിഴ് ന്യൂനപക്ഷഭാഷാ പരീക്ഷ പാസ്സായി സീനിയോറിറ്റി ലിസ്റ്റിൽ 28 - മതായി ഉള്ള തനിക്ക് നാളിതുവരെ ഈ തസ്തികയിലേക്ക് നിയമനം ലഭിച്ചിട്ടില്ലാത്തതും എന്നാൽ ടി പരീക്ഷ പാസ്സാകാത്തവരെ നിയമവിരുദ്ധമായി ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളിൽ (പാലക്കാട്, ഇടുക്കി ജില്ലകളിൽ) നിയമിച്ചിട്ടുള്ളതായി വിവരാവകാശ രേഖകൾ പ്രകാരം വ്യക്തമാകുന്നുണ്ട്. അയോഗ്യരായവരെ മറ്റൊരു രീതിയിൽ വ്യാഖ്യാനിച്ച് 13 പേർക്ക് ഇടുക്കി ജില്ലയിൽ നിയമനം നല്കിയിട്ടുള്ളതായി കാണുന്നു. ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായവർ ഇല്ലാതിരിക്കുമ്പോഴാണ് 1 മുതൽ 10 വരെ ക്ലാസ്സുകളിലെങ്കിലും തമിഴ് ഭാഷാ പഠിച്ചിട്ടുള്ളവർക്ക് നിയമനത്തിന് യോഗ്യതയുള്ളതായി സൂചിപ്പിച്ചിരിക്കുന്നത്. 03.10.1962 - ലെ G.O.(MS)No.506/62/PD പ്രകാരം ഭാഷാന്യൂനപക്ഷപ്രദേശത്ത് സെക്രട്ടറിയായി ടി ഭാഷാ പരിജ്ഞാനമുള്ളയാളെ മാത്രമേ നിയമിക്കാവൂ എന്ന് സർക്കാർ നിർദ്ദേശം നല്കിയിട്ടുള്ളതാണ്. KS & SSR 9(ഡി) ൽ ഭാഷാന്യൂനപക്ഷ പരിജ്ഞാനം ഉള്ളയാൾക്ക് മാത്രമേ ടി തസ്തികയിലേക്ക് യോഗ്യതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് ലംഘിച്ചാണ് ഇപ്പോൾ നിയമനങ്ങൾ നടത്തി വരുന്നത്.

ആയതിനാൽ ബഹു.കേരള സർക്കാരിന്റെ ഉത്തരവുകൾ ചട്ടങ്ങൾ എന്നിവ പാലിച്ചും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിവിധ ഉത്തരവുകൾ പ്രകാരവും ഭാഷാന്യൂനപക്ഷ

പരീക്ഷ പാസ്സായ തന്നെ ടി തസ്തികയിലേക്ക് പാലക്കാട്, ഇടുക്കി ജില്ലകളിൽ എവിടെയെങ്കിലും നിയമനം നൽകണമെന്നും തന്നെക്കാൾ ജൂനിയറായ ആൾക്ക് നിയമനം നൽകുന്നതിന് മുൻപ് തന്നെ പരിഗണിക്കണമെന്നും പി.എസ്.സി. യുടെ ന്യൂനപക്ഷഭാഷാ പരീക്ഷ പാസ്സാകാത്ത ആളെയും നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ ഇല്ലാത്ത ആളെയും ടി തസ്തികയിലേക്ക് നിയമിക്കുന്നത് തടഞ്ഞ് അർഹരായവർക്ക് നിയമനം നൽകണമെന്നും ടിയാരി തന്റെ നിവേദനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3. ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയത് ചുവടെ ചേർക്കുന്നു.

"നിലവിൽ ഇടുക്കി ജില്ലയിലെ തമിഴ് മേഖലയിലെ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപെട്ട ഗ്രാമ പഞ്ചായത്തുകളിൽ സെക്രട്ടറി തസ്തിക ഒഴിവുണ്ടെന്നും ആയതിൽ അപേക്ഷകയെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കണമെന്നും കാണിച്ചാണ് അപേക്ഷക ഹർജി സമർപ്പിച്ചിരിക്കുന്നത്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട സീനിയർ ആയ അസിസ്റ്റന്റ് സെക്രട്ടറി /ജൂനിയർ സൂപ്രണ്ടുമാരെയാണ് അപേക്ഷക ചൂണ്ടികാണിച്ചിരിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ സെക്രട്ടറി തസ്തികയിൽ നിയമിച്ചിരിക്കുന്നത്. പ്രസ്തുത ജീവനക്കാരെ ടി മേഖലയിൽ നിയമിച്ചത് സംബന്ധിച്ച് ടി പഞ്ചായത്തുകളിൽ നിന്നും നിലവിൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് തമിഴ് ഭാഷാ യോഗ്യതയുള്ള സീനിയറായ അസിസ്റ്റന്റ് സെക്രട്ടറി /ജൂനിയർ സൂപ്രണ്ടുമാരെ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി നിയമിച്ചു വന്നിരുന്നു. ഇതിലേക്കായി കേരള പി.എസ്.സി. നടത്തുന്ന തമിഴ്ഭാഷാ പരീക്ഷാ യോഗ്യത നേടിയ സീനിയറായ ജൂനിയർ സൂപ്രണ്ട് /അസിറ്റന്റ് സെക്രട്ടിറിമാരുടെ ഒരു മുൻഗണന പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. ടി പട്ടികയിൽ അപേക്ഷകയും ഉൾപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത മുൻഗണന പട്ടിക സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ പരാതി ലഭിച്ചിട്ടുള്ളതും പ്രസ്തുത പരാതി KS&SSR 9(ഡി) ചട്ടത്തിൽ SRO.No.371/2012 ഗസറ്റ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിച്ച സ.ഉ.(സാധാ)6689/2009/GAD നമ്പർ ഉത്തരവ് പ്രകാരം വരുത്തിയ ഭേദഗതികളുടെ വെളിച്ചത്തിൽ പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്.

പ്രസ്തുത ഭേദഗതി പ്രകാരം 1 മുതൽ 10 വരെ വരെയുള്ള ക്ലാസ്സിൽ പ്രാദേശിക ഭാഷാ മീഡിയത്തിൽ പഠിച്ച ജൂനിയറായ ഒരു ഉദ്യോഗസ്ഥനെ സീനിയറിന് മുകളിൽ സ്ഥാനക്കയറ്റം നൽകി ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലെ വിവിധ തസ്തികകളിൽ നിയമിക്കാമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി യോഗ്യതയുള്ള ജൂനിയർ സൂപ്രണ്ട് /അസിസ്റ്റന്റ് സെക്രട്ടറിമാരുടെ അഭാവത്തിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യരായ ജീവനക്കാരെ നിയോഗിക്കേണ്ടത് ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് അത്യന്താപേക്ഷിതമാണ്.

അപേക്ഷക ശ്രീമതി. നിസ്സി ജോൺ സി.വൈ. യ്ക്ക് KS& SSR ഭാഗം II ചട്ടം 9(ഡി) പ്രകാരമുള്ള യോഗ്യതകൾ ഉള്ള പക്ഷം ടിയാരി പ്രസ്തുത വിവരം ചൂണ്ടി കാണിച്ച് ഈ ഓഫീസിൽ പുതിയ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി നിസ്സി ജോൺ സി.വൈ. യെ 07.02.2020-ൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

"03.10.1962-ലെ G.O.(MS)506/62/PD പ്രകാരം ഭാഷാ ന്യൂന പക്ഷ പ്രദേശത്ത് സെക്രട്ടറിയായി ടി ഭാഷ പരിജ്ഞാനം ഉള്ളവരെ മാത്രമേ നിയമിക്കാവൂ എന്ന് സർക്കാർ നിർദ്ദേശം ഉള്ളതാണ്. KS&SSR (c)(d) പ്രകാരം ന്യൂനപക്ഷ ഭാഷാ പരിജ്ഞാനം ഉള്ളവരെ മാത്രമേ പ്രസ്തുത പ്രദേശങ്ങളിൽ നിയമിക്കാവൂ. എന്നാൽ ആയത് ലംഘിച്ചാണ് പഞ്ചായത്ത് ഡയറക്ടർ നിയമനങ്ങൾ നടത്തി വരുന്നത്. സർക്കാർ അംഗീകരിച്ച പി.എസ്.സി.യുടെ ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായവർ ഇല്ലാത്ത സാഹചര്യത്തിൽ മാത്രമേ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ന്യൂനപക്ഷ ഭാഷാ പഠിച്ചവരെ ഇത്തരം തസ്തികകളിൽ നിയമിക്കേണ്ടത്. .

ന്യൂനപക്ഷ ഭാഷാ പരിജ്ഞാനം നേടാത്ത അനർഹരായ പഞ്ചായത്ത് സെക്രട്ടറിമാരെ ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളിൽ നിന്നും മാറ്റി, കേരള സർക്കാരിന്റെ ഉത്തരവുകൾ ചട്ടങ്ങൾ എന്നിവ പാലിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിവിധ ഉത്തരവുകൾ പ്രകാരവും, ഭാഷാ ന്യൂനപക്ഷ പരീക്ഷ പാസ്സായവരെ നിയമിക്കണമെന്നും നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ ഇല്ലാത്ത ആളുകളെ ടി തസ്തികയിലേക്ക് നിയമിക്കുന്നത് തടയണമെന്നും അപേക്ഷിച്ചു.

2012-ൽ KS&SSR - ൽ ഉണ്ടായ ഭേദഗതിയ്ക്ക് ശേഷവും ഭേതഗതിക്കനുസൃതമായ നടപടികൾ പഞ്ചായത്ത് ഡയറക്ടറുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇപ്പോഴും സർക്കാരിന്റെ നയങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ഭാഷാന്യൂനപക്ഷ പഞ്ചായത്തുകളിൽ ഭാഷാന്യൂനപക്ഷ പരിജ്ഞാനം

ഇല്ലാത്തവരെ സെക്രട്ടറിയായി നിയമിച്ചു വരുന്നു. ആയതിനാൽ നിലവിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും ഭേദഗതികൾക്കും വിധേയമായി ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളിലെ സെക്രട്ടറി തസ്തികയിലേക്ക് നിയമനം നടത്തണമെന്നും പ്രസ്തുത പഞ്ചായത്തുകളിൽ അയോഗ്യരായി തുടരുന്ന പഞ്ചായത്ത് സെക്രട്ടറിമാരെ മാറ്റി സർക്കാർ നയ പ്രകാരവും ചട്ട പ്രകാരവുമുള്ള ഉദ്യോഗകയറ്റം നടത്തണമെന്നും" അപേക്ഷിച്ചു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ അപേക്ഷക ശ്രീമതി. നിസ്സി ജോൺ സി.വൈ. യ്ക്ക് KS&SSR ഭാഗം II ചട്ടം 9(ഡി) പ്രകാരമുള്ള യോഗ്യതകൾ ഉള്ള പക്ഷം ടിയാരിക്ക് പ്രസ്തുത വസ്തുതകൾ ചൂണ്ടികാണിച്ച് പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ പുതിയ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാമെന്ന് പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ശ്രീമതി നിസ്സി ജോൺ സി.വൈ. യ്ക്ക് അപ്രകാരം നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) – ലെ വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

1.ശ്രീമതി നിസ്സി ജോൺ സി.വൈ., അസിസ്റ്റന്റ് സെക്രട്ടറി, അയ്മനം ഗ്രാമ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം /തൃശ്ശൂർ
3.അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2021.01.07 17:45:17 IST
Reason: Approved

സെക്ഷൻ ഓഫീസർ